ഭരണഭാഷ-മാതൃഭാഷ

നമ്പർ.400327/GGGR12/GPO/2024/6/(3)

ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത് ആഫീസ്
മീനാട്
ചാത്തന്നൂർ.പി.ഓ
കൊല്ലം
Phone No:04742593254
E-mail:chathannoorgp@gmail.com

തീയതി : 01/01/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ശ്രീ കവിരാജൻ
മലവിള വീട്, കാരംകോട്. ചാത്തന്നൂർ പി ഒ

സർ,

വിഷയം:- നവകേരള സദസ്സ് പരാതി പരിഹാരം- മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച

സൂചന : താങ്കൾ ബഹു, കേരള മുഖ്യമന്ത്രിയുടെ നവകേരള സദസ്സ് മുമ്പാകെ സമർപ്പിച്ച അപേക്ഷ

താങ്കളുടെ മേൽ സൂചന അപേക്ഷ ഗ്രാമ പഞ്ചായത്തിൽ ലഭ്യമാക്കിയത് പ്രകാരം പരിശോധന നടത്തിയതിൽ താങ്കൾ 17/01/2023 തീയ്യതിയിൽ 2023/505 നമ്പരായി കെട്ടിട നിർമ്മാണം ക്രമവത്കരണം നടത്തി നൽകുന്നതിനായി ഗ്രാമ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. താങ്കളുടെ ഉടമസ്ഥതയിലുള്ള കെട്ടിടം ദേശീയ പാത വികസനത്തിൻറെ ഭാഗമായി ഭാഗികമായി പൊളിച്ച് മാറ്റിയതിന് ശേഷം ബാക്കിയുള്ള ഭാഗം ഗ്രാമ പഞ്ചായത്തിൻറെ അനുമതിയില്ലാതെ മെയിൻറെനൻസ് നടത്തിയതിന് ശേഷം ക്രമവത്കരണത്തിനായിട്ടാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. ടി അപേക്ഷയിൻമേൽ ഗ്രാമപഞ്ചായത്തിലെ എൽ എസ് ജി ഡി വിഭാഗം സ്ഥല പരിശോധന നടത്തിയതിൽ കെട്ടിട നിർമ്മാണ ചട്ടലംഘനങ്ങൾ (KPBR 2019 Rule23(2), KPBR 2019 Rule 3 Proviso (2)) ഉള്ളതായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് പ്രകാരം താങ്കളെ 31/01 /2023 തീയ്യതിയിൽ 400327/BRRL01/GPO/2023/505/(1) നമ്പരായി നോട്ടീസ് മുഖേന അറിയിച്ചിട്ടുണ്ട്. നോട്ടീസിന് താങ്കൾ സമർപ്പിച്ച മറുപടി എൽ എസ് ജി ഡി വിഭാഗം പരിശോധിക്കുകയും മുൻ നോട്ടീസ് പ്രകാരം അറിയിച്ചിരുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല എന്ന് റിപ്പോർട്ട് തരികയും 22/03/2023 തീയ്യതിയിൽ ടി വിവരം 400327/BRRL01/GPO/2023/505/(2) നോട്ടീസ് പ്രകാരം താങ്കളെ അറിയിച്ചിട്ടുള്ളതുമാണ്. താങ്കൾ നാളിതു വരെ മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ

പരിഹരിച്ച് രേഖാമൂലം ഗ്രാമ പഞ്ചായത്തിൽ അറിയിച്ചിട്ടില്ലാത്തതും അപ്രകാരം അറിയിക്കുന്ന മുറക്ക് താങ്കളുടെ അപേക്ഷ പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതുമാണ് എന്ന വിവരം ഇതിനാൽ താങ്കളെ അറിയിക്കുന്നു

വിശ്വസ്തതയോടെ,

കെ സജീവ്

സെക്രട്ടറി

Document certified by K SAJEEV <...@gmail.com>

Digitally signed by K SAJEEV
Date: 2024.01.0... 42:15 IST
Reason: ILGMS Govt. of kerala